# എത്രയും ദയയുള്ള മാതാവേ

എത്രയും ദയയുള്ള മാതാവേ, അങ്ങേ സങ്കേതത്തിൽ ഓടിവന്ന് അങ്ങേ സഹായം തേടി അങ്ങേ മാധ്യസ്ഥം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും അങ്ങ് ഉപേക്ഷിച്ചിച്ചതായി ലോകത്തിൽ കേട്ടിട്ടില്ല എന്ന് ഓർക്കണമേ. കന്യാവ്രതക്കാരുടെ രാജ്ഞി, ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ശരണപ്പെട്ട്, അങ്ങേ തൃപ്പാദത്തിങ്കൽ ഞാൻ അണയുന്നു. നെടുവീർപ്പോടും കണ്ണുനീരോടുംകൂടെ പാപിയായ ഞാൻ അങ്ങേ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ട് അങ്ങേ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ, എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളേണമെ. ആമേൻ.